**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1106** **24-02-2022 - ൽ മറുപടിയ്ക്ക്**

**യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യുവജനക്ഷേമ ബോർഡ് വഴി നടപ്പിലാക്കിയ പ്രധാന പരിപാടികളുടെയും യുവജനങ്ങളുടെ പുരോഗതി ലക്ഷ്യമാക്കി ആവിഷ്ക്കരിച്ച ക്ഷേമ പദ്ധതികളുടെയും വിശദാംശങ്ങൾ അറിയിക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് വഴി ചുവടെ ചേർക്കുന്ന പദ്ധതികളും പരിപാടികളും നടത്തിവരുന്നു. 1. കേരളോത്സവം. 2. യൂത്ത് ക്ലബ്ബുകൾ - കാർഷിക ക്ലബ്ബ്, യുവതീ ക്ലബ്ബ്, ഭിന്നശേഷിക്കാർക്കുള്ള ക്ലബ്ബ്, ട്രാൻസ്ജെൻഡേഴ്സ് ക്ലബ്ബ്, യൂത്ത്-യുവാ ക്ലബ്ബുകൾക്ക് ധനസഹായം. 3. ടീം കേരള(കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സ്). 4. പരീക്ഷാ പരിശീലന പദ്ധതി. 5. കലയും സംസ്കാരവും എന്ന പദ്ധതിയിൻകീഴിൽ യുവസാഹിത്യ സെമിനാർ, ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, മണിനാദം(കലാഭവൻ മണി മെമ്മോറിയൽ ഓൺലൈൻ നാടൻ പാട്ട് മത്സരം) എന്നീ പരിപാടികൾ. 6. മറ്റ് യുവജനവികസന പരിപാടികൾ എന്ന പദ്ധതിയിൻകീഴിൽ സ്വാമി വിവേകാനന്ദൻ യുവപ്രതിഭ പുരസ്കാരം(യൂത്ത് അവാർഡ്), ഫോട്ടോഗ്രാഫി അവാർഡ്, യുവമാധ്യമ സെമിനാർ, ദിനാചരണങ്ങൾ എന്നീ പരിപാടികൾ. 7. യുവശക്തി. മേൽപ്പറഞ്ഞ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

**1. കേരളോത്സവം**

മുഖ്യധാരാ കലോത്സവങ്ങളിൽ പങ്കെടുക്കാൻ കഴിയാത്ത യുവജനങ്ങൾക്ക് തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കാൻ കേരളോത്സവം അവസരമൊരുക്കുന്നു. കോവിഡ് സാഹചര്യം കണക്കിലെടുത്ത് പൂർണ്ണമായും ഓൺലൈൻ പ്ലാറ്റ്ഫോമിൽ 49 ഇനങ്ങളിൽ ഈ വർഷം കലാമത്സരങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. യൂത്ത് ക്ലബ്ബുകൾക്കും പങ്കെടുക്കാൻ സാധിച്ചത് വഴി അവരുടെ പ്രവർത്തന മേഖല വിപുലപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. മത്സരാർത്ഥികളുടെയും ക്ലബ്ബുകളുടെയും പങ്കാളിത്തം കണക്കിലെടുത്താൽ സംസ്ഥാനത്താകെ 70000 ത്തോളം യുവജനങ്ങൾക്ക് ഈ പദ്ധതിയിലൂടെ ഗുണം ലഭിച്ചിട്ടുണ്ട്.

**2. യൂത്ത് ക്ലബ്ബുകൾ**

(i) **കാർഷിക ക്ലബ്ബുകൾ** - യുവാക്കളെ കാർഷികരംഗത്തേക്ക് ആകർഷിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുമായി 'കതിർ' എന്ന പേരിൽ ഒരു ജില്ലയിൽ 10 കാർഷിക ക്ലബ്ബ് വീതം 14 ജില്ലകളിലായി ആകെ 140 ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രാഥമിക പ്രവർത്തനങ്ങൾക്കായി ഒരു ക്ലബ്ബിന് 5,000/- രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ ഈ ക്ലബ്ബുകളെ ഉൾപ്പെടുത്തി കാർഷിക മത്സരങ്ങളും സംഘടിപ്പിക്കുന്നുണ്ട്. സംസ്ഥാനത്തെ 104 ക്ലബ്ബുകളിൽ നിന്നുമായി 7000 ത്തോളം യുവകർഷകർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി മാറും.

(ii) **യുവതീ ക്ലബ്ബുകൾ** - വനിതാശാക്തീകരണത്തിന്റെ ഭാഗമായി യുവതികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടു വരുന്നതിനും സ്വയംപര്യാപ്തരാക്കുന്നതിനുമായി പഞ്ചായത്ത്/മുൻസിപ്പാലിറ്റി എന്നിവിടങ്ങളിൽ ഒരെണ്ണം എന്ന നിലയിലും കോർപ്പറേഷനിൽ 2 എണ്ണം എന്ന നിലയിലും 'അവളിടം - voice of young women 'എന്ന പേരിൽ 1040 യുവതീക്ലബ്ബുകൾ

രൂപീകരിക്കുന്നു. നിലവിൽ 566 ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സ്ത്രീധനം, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ എന്നിവയ്ക്കെതിരായ ബോധവൽക്കരണ പരിപാടി, സ്ത്രീ സുരക്ഷാ നിയമങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കുന്ന പരിപാടികൾ, സ്ത്രീകളെ സ്വയംപര്യാപ്തരാക്കുന്ന തയ്യൽ, ഡി.റ്റി.പി, മൊബൈൽ റിപ്പയറിംഗ്, മാസ്ക് നിർമ്മാണം, സാനിറ്റൈസർ നിർമ്മാണം, കേക്ക് നിർമ്മാണം, ആഭരണനിർമ്മാണം, എംബ്രോയിഡറി വർക്സ്, ഹെൽത്ത് ഫ്രണ്ട് ലൈൻ സർവ്വീസ് എന്നിവയുടെ പരിശീലനങ്ങൾ എന്നിവ യുവതീ ക്ലബ്ബിലൂടെ നടത്തുന്നു. ഇതിനോടൊപ്പം ബുദ്ധിപരമായി വൈകല്യമുള്ളവരെ പരിചരിക്കുന്നത് സംബന്ധിച്ച ഒരു പരിശീലന പരിപാടിയും യുവതീ ക്ലബ്ബിലെ അംഗങ്ങളെ ഉൾപ്പെടുത്തി സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ യുവതീ ക്ലബ്ബുകളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഒരു ക്ലബ്ബിന് 5000/- രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 1040 ക്ലബ്ബുകളിലായി 52000 ത്തോളം യുവതികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി മാറും.

(iii) **ഭിന്നശേഷിക്കാർക്കുള്ള ക്ലബ്ബുകളുടെ രൂപീകരണം** - ബുദ്ധിപരമായി വൈകല്യം സംഭവിച്ചവർക്ക് സമൂഹത്തിൽ നിന്നുണ്ടാകുന്ന ഒറ്റപ്പെടലുകൾക്ക് ഒരു പരിധി വരെ പരിഹാരം കണ്ടെത്തുക എന്ന ഉദ്ദേശ്യത്തിൽ ഒരു ജില്ലയിൽ ഒരു ക്ലബ്ബ് എന്ന രീതിയിൽ 15 നു 40 നും മദ്ധ്യേ പ്രായമുള്ള ബുദ്ധിപരമായി വൈകല്യങ്ങളുള്ളവരെ അംഗങ്ങളാക്കി 'YES' എന്ന പേരിൽ സംസ്ഥാനത്ത് ആകെ 14 ക്ലബ്ബുകൾ രൂപീകരിക്കുന്നു. ക്ലബ്ബുകളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഒരു ക്ലബ്ബിന് 5,000/- രൂപ വീതം സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. ഈ ക്ലബ്ബുകളുടെ പങ്കാളിത്തത്തോടെ യാത്രകൾ, പ്രമുഖ വ്യക്തികളുമായി ഇന്ററാക്ഷൻ, വിവിധ പരിശീലന ക്യാമ്പുകൾ തുടങ്ങിയ പരിപാടികളും സംഘടിപ്പിക്കുന്നു. സംസ്ഥാനത്തെ 14 ക്ലബ്ബുകളിലുമായി ബുദ്ധിപരമായി വൈകല്യം സംഭവിച്ചവരും അവരുടെ രക്ഷിതാക്കളുമടക്കം 1400 ഓളം പേർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകും.

(iv) **ട്രാൻസ്ജെൻഡേഴ്സ് ക്ലബ്ബുകൾ** - ട്രാൻസ്ജെൻഡർ വിഭാഗത്തിലുള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും

അവരെ സ്വയംപര്യാപ്തരാക്കുന്നതിനുമായി "മാരിവില്ല്" എന്ന പേരിൽ ഒരു ജില്ലയിൽ ഒരു ക്ലബ്ബ് എന്ന നിലയിൽ സംസ്ഥാനത്താകെ 14 ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്കായി ഒരു ക്ലബ്ബിന് 5,000/- രൂപ വീതം സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. ക്ലബ്ബുകളുടെ പങ്കാളിത്തത്തോടെ സെമിനാറുകൾ, കലാപരിപാടികൾ തുടങ്ങിയവയും സ്വയംതൊഴിൽ പരിശീലനവും സംഘടിപ്പിക്കുന്നു. സംസ്ഥാനത്തെ 14 ക്ലബ്ബുകളിൽനിന്നുമായി 1400 ഓളം പേർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകും.

(v) **യൂത്ത്-യുവാക്ലബ്ബുകൾക്ക് ധനസഹായം** - യുവജനക്ഷേമ ബോർഡുമായി സഹകരിച്ച് പ്രവർത്തിക്കുന്ന യൂത്ത് ക്ലബ്ബുകളിലും ബോർഡ് നേരിട്ട് രൂപീകരിച്ച യുവാ ക്ലബ്ബുകളിലും നിന്ന് കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന 290 യൂത്ത് ക്ലബ്ബുകൾക്ക് 5,000/- രൂപ വീതം തുടർപ്രവർത്തനത്തിനായി ധനസഹായം നൽകുന്നു. സംസ്ഥാനത്തെ 290 ക്ലബ്ബുകളിൽനിന്നുമായി 50000 ഓളംയുവജനങ്ങൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകും.

## 3. ടീം കേരള (കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സ്)

സന്നദ്ധസേവനരംഗത്ത് യുവജനങ്ങൾക്ക് താല്പര്യമുണ്ടാക്കുക, അവരെ സാമൂഹ്യപ്രതിബദ്ധതയുള്ളവരാക്കുക, ദുരന്തങ്ങൾ, മഹാമാരികൾ തുടങ്ങിയവ ഉണ്ടാകുമ്പോൾ തദ്ദേശീയരായ യുവജനങ്ങൾക്ക് ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സർക്കാർ സംവിധാനങ്ങളെ സഹായിക്കാൻ കഴിയുക എന്നീ ഉദ്ദേശ്യങ്ങളോടെ രൂപീകരിച്ച സന്നദ്ധസേവന സേനയായ കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ പഞ്ചായത്ത്/മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ തലങ്ങളിൽ ക്യാപ്റ്റൻമാരെ തെരഞ്ഞെടുക്കുകയും സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നുമായി 1034 ക്യാപ്റ്റൻമാർക്ക് ജില്ലാടിസ്ഥാനത്തിൽ പോലീസ്, ഫയർ & റെസ്ക്യൂ, ഫോറസ്റ്റ്, എക്സൈസ്, ആരോഗ്യവകുപ്പുകളുടെ സഹകരണത്തോടെ ഡിസാസ്റ്റർ മാനേജ്മെന്റ്, ഫസ്റ്റ്

എയ്ഡ്, കായിക പരിശീലനം, ബോധവൽക്കരണ ക്ലാസ്സുകൾ, വ്യക്തിത്വ വികസനം, പാലിയേറ്റീവ് കെയർ എന്നീ മേഖലകളിൽ പരിശീലനം നൽകുകയും ചെയ്തു. പഞ്ചായത്ത് തല സേനയ്ക്ക് രൂപം നൽകുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. 60,000 ഓളം യുവജനങ്ങളും സമൂഹത്തിന്റെ എല്ലാ മേഖലയിലുമുള്ളവരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകും.

**4. പരീക്ഷ പരിശീലന പദ്ധതി**

സംസ്ഥാനത്തെ യുവജനങ്ങൾക്ക് വിവിധ പരീക്ഷകളിലും അഭിമുഖങ്ങളിലും ഉന്നതവിജയം കരസ്ഥമാക്കുന്നതിന് ഉപയുക്തമായ രീതിയിൽ പരിശീലനം നൽകുന്നു. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെ സാധ്യത ഉപയോഗപ്പെടുത്തി ബോർഡിന്റെ യൂട്യൂബ് ചാനൽ വഴിയും ഔദ്യോഗിക ഫേസ് ബുക്ക് പേജ് വഴിയും പി.എസ്.സി, യു.പി.എസ്.സി, റെയിൽവേ, സിവിൽസർവ്വീസ് തുടങ്ങിയ മത്സരപരീക്ഷകൾക്കും കരിയർ ഡെവലപ്മെന്റുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കും പരിശീലന ക്ലാസ്സുകൾ നൽകുന്നു. യൂട്യൂബ് ചാനൽ വഴി 9500 ൽപ്പരം പേരും ഫേസ് ബുക്ക് പേജ് വഴി 9800 ൽപ്പരം പേരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകും.

**5. കലയും സംസ്കാരവും**

(I) **യുവസാഹിത്യ സെമിനാർ** - യുവ എഴുത്തുകാർക്ക് തങ്ങളുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നതിന് സഹായകമാകുന്ന രീതിയിൽ സാഹിത്യരംഗത്തെ പ്രഗത്ഭ വ്യക്തിത്വങ്ങളെയും തുടക്കക്കാരായ യുവ എഴുത്തുകാരെയും പങ്കെടുപ്പിച്ചു കൊണ്ട് കോഴിക്കോട്ടും കൊല്ലത്തുമായി 2 സ്ഥലങ്ങളിൽ വച്ച് സാഹിത്യ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ii) **ഷോർട്ട്ഫിലിം ഫെസ്റ്റിവൽ** - മൂന്ന് വിഭാഗങ്ങളിലായി (മൂന്ന് വിഷയങ്ങളെ ആസ്പദമാക്കി) ഓൺലൈനായി എൻട്രികൾ ക്ഷണിച്ച് ഓരോ വിഭാഗത്തിലും ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് 50,000/- രൂപ, 25,000/- രൂപ, 15,000/- രൂപ എന്നിങ്ങനെ ക്യാഷ് അവാർഡും ഫലകവും സർട്ടിഫിക്കറ്റും നൽകുന്നു.

**(iii) മണിനാദം (കലാഭവൻ മണി മെമ്മോറിയൽ ഓൺലൈൻ നാടൻപാട്ട് മത്സരം)** - യൂത്ത്/യുവാ ക്ലബ്ബുകളിലെ യുവജനങ്ങളുടെ കലാപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2019 മുതൽ മണിനാദം എന്ന പേരിൽ കലാഭവൻ മണി മെമ്മോറിയൽ നാടൻപാട്ട് മത്സരം നടത്തിവരുന്നു.

**6. മറ്റ് യുവജനവികസന പരിപാടികൾ**

**(I) സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം(യൂത്ത് അവാർഡ്)** - സാമൂഹ്യപ്രവർത്തനം, മാധ്യമ പ്രവർത്തനം (പ്രിന്റ് മീഡിയ), മാധ്യമ പ്രവർത്തനം (ദൃശ്യമാധ്യമം), കല, സാഹിത്യം, ഫൈൻ ആർട്സ്, കായികം(വനിത), കായികം(പുരുഷൻ), ശാസ്ത്രം, സംരംഭകത്വം, കൃഷി, മികച്ച യുവാക്ലബ്ബ്, മികച്ച യൂത്ത് ക്ലബ്ബ് എന്നീ മേഖലകളിൽ സ്തുത്യർഹവും പ്രശംസനീയവുമായ പ്രകടനം കാഴ്ചവച്ച യുവജനങ്ങളെ സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം നൽകി അംഗീകരിക്കുന്നു. സമൂഹത്തിലെ വിവിധ മേഖലകളിലുള്ള യുവജനങ്ങളും യൂത്ത്-യുവാക്ലബ്ബ് അംഗങ്ങളും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുന്നു.

**(ii) ഫോട്ടോഗ്രാഫി അവാർഡ്** - കല, കാർഷികം, സാമൂഹ്യ പ്രതിബദ്ധതയുള്ള വിഷയങ്ങൾ എന്നീ 3 വിഷയങ്ങളിലായി മികച്ച ഫോട്ടോഗ്രാഫിന് 50,000/- രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നു.

**(iii) യുവമാധ്യമ സെമിനാർ** - സാമൂഹ്യപുരോഗതിയിൽ മാധ്യമങ്ങൾക്കുള്ള സ്വാധീനം, മാധ്യമ രംഗത്തെ നൂതന പ്രവണതകൾ തുടങ്ങിയവ സംബന്ധിച്ച് യുവജനങ്ങൾക്കും, യുവമാധ്യമ പ്രവർത്തകർക്കും അവബോധം വളർത്തുക എന്ന ലക്ഷ്യത്തോട് കൂടി യുവമാധ്യമ സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട്. രണ്ട് ക്യാമ്പുകളിലുമായി 100 യുവജനങ്ങൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുണ്ട്.

**(iv) ദിനാചരണങ്ങൾ** - ദേശീയ യുവജനദിനാഘോഷം, ഗാന്ധിജയന്തി, പരിസ്ഥിതി ദിനാചരണം എന്നീ ദിനങ്ങളാണ് പദ്ധതിയുടെ ഭാഗമായി പ്രധാനമായും ആചരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും സെമിനാറുകൾ, ക്വിസ് മത്സരം, . വൃക്ഷത്തൈ നടൽ, ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവ സംഘടിപ്പിച്ചു

7. **യുവശക്തി**

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ പ്രാദേശികതലം വരെ എത്തിക്കുന്നതിനും യുവജനക്ഷേമ പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കുന്നതിനുമായി പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/കോർപ്പറേഷൻ തലങ്ങളിലും ജില്ലാതലത്തിലും ഓരോ യൂത്ത് കോ-ഓർഡിനേറ്ററെ നിയോഗിച്ചുകൊണ്ട് യൂത്ത് ക്ലബ്ബുകളെ സംഘടിപ്പിച്ച് സാമൂഹ്യവികസന പ്രവർത്തനങ്ങൾ നടത്തുക, സന്നദ്ധ പ്രവർത്തനങ്ങൾ നടത്തുക, സാമൂഹ്യ നന്മയുള്ള മറ്റ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, കേരളോത്സവ പരിപാടികളിൽ യുവജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി പരിശ്രമിക്കുക, ഗ്രാമസഭകളിൽ യുവജനപങ്കാളിത്തം വർദ്ധിപ്പിക്കുക, ലേബർ ബാങ്ക് ഉൾപ്പെടെയുള്ള വിവിധ തൊഴിലധിഷ്ഠിത പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, ബോർഡിന്റെ പ്രവർത്തനങ്ങളെ താഴെത്തട്ടിൽ എത്തിക്കുക എന്നിവ ചെയ്തു വരുന്നു.